പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *204 | 18-12-2012 -ൽ മറുപടിക്ക്.

സാഫല്യം പദ്ധതി

**ചോദ്യം**

ശ്രീ. പി. കെ. ബഷീർ.

(എ) പാവപ്പെട്ടവർക്ക് സൗജന്യനിരക്കിൽ ഫ്ളാറ്റ് നിർമ്മിച്ച് നൽകുന്ന സാഫല്യം പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ?

**ഉത്തരം**

ശ്രീ. കെ. എം. മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി)

(എ) ഉണ്ട്.

(ബി) സാഫല്യം ഭവനപദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

a) പദ്ധതി പ്രദേശമുൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയോ സമീപ-ങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയോ ദുർബലവിഭാഗത്തിൽപ്പെട്ട ഭൂ-ഭവനരഹിതരായ വ്യക്തികളെ (ബി.പി.എൽ) ഇതിന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നതാണ്. അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം **Beneficiary Selection Committee** - ക്കായിരിക്കും.

**(b)** ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന **Beneficiary Selection Committee** - യിൽ താഴെപ്പറയും പ്രകാരം ചെയർമാൻ ഉൾപ്പെടെ 3 അംഗങ്ങൾ ഉണ്ടായിരിക്കും.

i) ഭവന നിർമ്മാണ ബോർഡിന്റെ ബന്ധപ്പെട്ട ഡിവിഷനിലെ

എക്സി. എൻജിനീയറോ അദ്ദേഹം നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥനോ ആയിരിക്കും കമ്മിറ്റിയുടെ ചെയർമാൻ.

(ii) പദ്ധതി നടപ്പിലാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയോ അദ്ദേഹം നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥനോ ആയിരിക്കും കമ്മിറ്റിയുടെ ഒരു മെംബർ.

(iii) പദ്ധതി പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ വാർഡ് മെംബർ/വാർഡ് കൗൺസിലർ ആയിരിക്കും മറ്റൊരു മെംബർ.

**(c) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന വിധം**

(i) ഭൂ-ഭവനരഹിതരായ ദുർബലവിഭാഗക്കാരായ വ്യക്തികളുടെ വിവരശേഖരണത്തിനായി കേരളത്തിലെ 14 ജില്ലകളിലും പ്രചാരത്തിലുള്ള 3 മലയാള ദിനപ്പത്രങ്ങളിലെങ്കിലും വ്യാപകമായ പരസ്യപ്രചാരണം നടത്തി ഒരു ജില്ലാതല ഡാറ്റാ ബാങ്ക് രൂപീകരിക്കുന്നതാണ്. ഇതിന് 100 രൂപ വീതം രജിസ്ട്രേഷൻ ഫീസ് ഗുണഭോക്താവ് ഒടുക്കേണ്ടതാണ്.

(ii) ടി ഡാറ്റാ ബാങ്കിൽനിന്നും പദ്ധതിക്കുവേണ്ടി പദ്ധതി നടപ്പിലാക്കുന്ന പ്രദേശമുൾപ്പെടുന്ന തദ്ദേശ സ്വയംഭരണസ്ഥാപനത്തിലെയോ സമീപങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയോ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകി അപേക്ഷ വാങ്ങി (അപേക്ഷാഫാറം ഫീസ് 10 രൂപ) യുക്തമായ നടപടിക്രമത്തിലൂടെ ഗുണഭോക്താവിനെ **Beneficiary Selection Committee** തെരഞ്ഞെടുക്കുന്നതാണ്.

സെക്ഷൻ ഓഫീസർ